**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **12** — 28.06.2016 ൽ മറുപടിക്ക്

ഇ-ഗവേണൻസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ. എൻ. ഷംസീർ**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ. പി.ടി.എ. റഹീം**<br>**ശ്രീ. രാജു എബ്രഹാം** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | ഇ-ഗവേണൻസിന്റെ നിലവിലെ സ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. വകുപ്പുതലത്തിലുള്ള വിവിധ ഇ-ഗവേണൻസ് പദ്ധതികളുടെ അവലോകനം സർക്കാർ തലത്തിൽ നടത്തി വരുന്നു. കേരള സ്റ്റേറ്റ് ഐ.ടി മിഷനിലെ സാങ്കേതിക വിദഗ്ധർ ഇതിനാവശ്യമായ സാങ്കേതിക ഉപദേശം നൽകി വരുന്നുണ്ട്. ഇത്തരം അവലോകന യോഗങ്ങളിലെ നിർദേശങ്ങൾക്കും തീരുമാനങ്ങൾക്കുമനുസൃതമായി ഇ-ഗവേണൻസ് പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ട്.<br>ഇതിനുപരിയായി നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിങ്ങ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും നിലവിലുണ്ട്. ഈ യോഗങ്ങളിലും ഇ-ഗവേണൻസ് പദ്ധതികളുടെ അവലോകനം നടത്തി വരുന്നുണ്ട്. |
| (ബി) | ഭരണ നിർവ്വഹണം കാര്യക്ഷമവും ചടുലവുമാക്കുന്നതിനു സഹായകരമായ ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഇ-ഗവേണൻസും, എം-ഗവേണൻസും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചിച്ച് അടുത്ത രണ്ടു മാസത്തിൽ ഒരു സമഗ്ര ഐ.റ്റി നയം കൊണ്ടു വരുന്നതാണ്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതുവഴി പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇ-ഗവേണൻസ് വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുവാൻ കഴിയുന്നുണ്ട്. ഇവ സംബന്ധിച്ച സ്ഥിതി യഥാസമയം വിലയിരുത്തുന്നുണ്ട്.<br><br>ഇ -ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ വില്ലേജ് ഓഫീസിൽ നിന്നും നൽകുന്ന 24 സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാണ്.<br><br>ആധാർ കാർഡ് ജനറേഷൻ 96 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. പെൻഷൻ ലഭിക്കുന്നതിന് ആധാർ അധിഷ്ഠിത ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം, അക്ഷയയിലൂടെ ബാങ്കിംഗ് കിയോസ്ക്, ഇൻഷ്വറൻസ് തുടങ്ങി കൂടുതൽ സേവനങ്ങളും നൽകുന്നുണ്ട്. ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പയിന്റെ പൈലറ്റ് പദ്ധതി പ്രകാരം, തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിലെ സ്റ്റുഡന്റ്റ് പോലീസ് കേഡറ്റുകൾക്ക് 10 ടാബ്ലെറ്റ് PC കൾ നൽകുന്നതിനും, ടാബ്ലെറ്റിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പൊതുജനത്തിന് (10,000 പേർക്ക്) ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ഇ-ഡിസ്ട്രിക്ട്, സർവീസ് പ്ലസ് മുതലായ പൊതുസേവന പദ്ധതികൾ മുഖേനയും പ്രത്യേകമായി വകുപ്പ് തലത്തിൽ തയ്യാറാക്കപ്പെടുന്ന പദ്ധതികൾ മുഖേനയും നടപ്പിലാക്കി വരുന്നത് തുടരും. ഓഫീസ് നടപടിക്രമങ്ങളെ ഓട്ടോമേറ്റ് ചെയ്തുകൊണ്ട് ഓഫീസുകളെ പേപ്പർലെസ്സ് ഓഫീസായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷൻ ആയ ഇ-ഓഫീസ്, സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേക്കും 14 ജില്ലാ കളക്ടറേറ്റുകളിലേക്കും 21 സബ് കളക്ടറേറ്റുകളിലേക്കും 75 താലൂക്ക് ഓഫീസുകളിലേക്കും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേക്കും വ്യാപിപ്പിക്കുന്നതാണ്.

ഓപ്റ്റിക്കൽ ഫൈബർ ഗേറ്റ്-വേ വഴി പ്രധാനപ്പെട്ട ഓഫിസുകളെ ഡാറ്റാ സെൻററുമായി ബന്ധിപ്പിക്കും. ഐ.ടി. വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള പരിശീലനം, തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർ മുഖേന വിവരസാങ്കേതികവിദ്യയുടെ വ്യാപനം സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി വെർച്വൽ ഐ.ടി കേഡർ സംവിധാനം എന്നിവ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

യാത്രാവേളയിൽ പൗരന്മാർക്ക് 24 മണിക്കൂറും സർക്കാർ സേവനങ്ങൾ ലഭ്യമാകും വിധം സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചു കൊണ്ട് 'എം-കേരള'എന്ന ഒരു മൾട്ടി പ്ലാറ്റ്ഫോം മൊബൈൽ ആപ്ലിക്കേഷൻ ആരംഭിക്കുന്നതാണ്. ഈ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകും വിധം ആയിരം വൈ-ഫൈ (Wi-Fi) ഹോട്ട്സ്പോട്ടുകൾ ആരംഭിക്കുന്നതാണ്.

Geetha Kumari
സെക്ഷൻ ഓഫീസർ